നിയമം. 4-8-2011-ലെ സ.ഉ.(കൈ.)123/2011/നിയമം, 17-12-2012-ലെ സ.ഉ.(കൈ.)262/2012/നിയമം നമ്പർ ഉത്തരവുകൾ പ്രകാരം അഡീഷണൽ അഡ്വക്കേറ്റ് ജനറൽമാർക്കും സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടർക്കും അഡ്വക്കേറ്റ് ജനറലിന് സമാനമായ പദവിയും വേതനവും അവർ ചുമതലയേറ്റ തീയതി മുതൽ മുൻകാല പ്രാബല്യത്തോടെ നൽകിയിട്ടുള്ളതാണ്.

(ഡി) അഡ്വക്കേറ്റ് ജനറലിനും അഡീഷണൽ അഡ്വക്കേറ്റ് ജനറലിനും മേൽ വിവരിച്ച ഫീസുകൾക്കുപുറമെ അഡ്വക്കേറ്റ് ജനറൽ, അഡീഷണൽ അഡ്വക്കേറ്റ് ജനറൽ എന്നിവരുടെ സേവന, ചുമതലകൾ, വേതന വ്യവസ്ഥകൾ സംബന്ധിച്ച ചട്ടങ്ങൾ പ്രകാരവും 1978-ലെ കേരള ഗവൺമെന്റ് ലാ ആഫീസേഴ്സ് (നിയമനവും സേവന വ്യവസ്ഥകളും) കേസ് നടത്തിപ്പും ചട്ടങ്ങൾ പ്രകാരവുമുള്ള ആനുകൂല്യങ്ങൾ നൽകുന്നുണ്ട്.

(ഇ) 13-9-2013-ലെ സ.ഉ.(കൈ.)170/2013/നിയമം നമ്പർ ഉത്തരവ് മുഖേന യാണ് ബഹുമാനപ്പെട്ട ഹൈക്കോടതിയിലെ ഗവൺമെന്റ് ലാ ആഫീസർമാരുടെ വേതനം അവസാനമായി വർദ്ധിപ്പിച്ചത്. പ്രസ്തുത ഉത്തരവ് പ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതിയിലെ ഗവൺമെന്റ് പ്ലീഡർമാർക്ക് 55,000 രൂപയും സീനിയർ ഗവൺമെന്റ് പ്ലീഡർമാർക്ക് 65,000 രൂപയും സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർമാർക്ക് 75,000 രൂപയും ആയി വേതനം നൽകിവരുന്നു. 12-10-2012-ലെ സ.ഉ.(കൈ) 217/2012/നിയമം നമ്പർ ഉത്തരവ് മുഖേന ജില്ലാ/സബ് കോർട്ട് സെന്ററുകളിലെ ഗവൺമെന്റ് ലാ ആഫീസർമാരുടെ വേതനം പരിഷ്കരിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവ് പ്രകാരം യഥാക്രമം ജില്ലാ ഗവൺമെന്റ് പ്ലീഡർമാർക്ക് 50,000 രൂപയും അഡീഷണൽ ഗവൺമെന്റ് പ്ലീഡർമാർക്ക് 40,000 രൂപയും പ്രതിമാസ വേതനമായി നൽകിവരുന്നു. കൂടാതെ സംസ്ഥാനത്തെ മുൻസിഫ് കോർട്ട് സെന്ററുകളിലെ ഗവൺമെന്റ് ലാ ആഫീസർമാർക്ക് 2-11-2012-ലെ സ.ഉ.(കൈ.)229/2012/നിയമം നമ്പർ ഉത്തരവ് മുഖേന 10,000 രൂപ പ്രതിമാസ വേതനമായി നൽകിവരുന്നു. വേതനം പുതുക്കാൻ നിവേദനം ലഭിച്ചിട്ടുണ്ട്. അത് പരിശോധിച്ചുവരുന്നു.

പ്രാബല്യത്തിലുള്ള നിയമങ്ങളുടെ വിവരശേഖരണം

203 (548) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം നിയമങ്ങൾ ഇപ്പോൾ പ്രാബല്യത്തിൽ ഉണ്ടെന്നതു സംബന്ധിച്ച് വിവരശേഖരണം പൂർത്തിയായിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ലിസ്റ്റ് ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത നിയമങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിലുള്ള കാലവിളംബത്തിനുള്ള കാരണം വിശദമാക്കുമോ ;

(സി) ഭേദഗതി നിയമങ്ങൾ പ്രകാരം ആവശ്യമായ മാറ്റം മൂലനിയമത്തിൽ വരുത്തി പ്രസിദ്ധപ്പെടുത്തുകയും ഭേദഗതി നിയമങ്ങൾ റദ്ദാക്കുകയും ചെയ്യുന്ന നടപടികൾ സ്വീകരിക്കാറുണ്ടോ ; എങ്കിൽ ഏതു വർഷം വരെയുള്ള നിയമങ്ങൾ അപ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട് ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ഭവന ഭാരത് പദ്ധതി

204 (549) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിടപ്പാടമില്ലാത്തവർക്കായി ഭവന ഭാരത് എന്നൊരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന ഭവന രഹിതർക്കാണ് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഭവന ഭാരത് എന്ന പദ്ധതി ഭവന നിർമ്മാണ വകുപ്പ് ആവിഷ്കരിച്ചിട്ടില്ല.

മൈത്രീ ഭവന വായ്പാ കുടിശ്ശിക

205 (550) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭവന നിർമ്മാണ ബോർഡിൽനിന്നും എടുത്ത മൈത്രീ ഭവന വായ്പയുടെ കുടിശ്ശിക എഴുതിത്തള്ളാൻ ഉത്തരവായിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) വായ്പാ ഗഡുക്കൾ പൂർണ്ണമായും കൈപ്പറ്റാത്തവരുടെ കുടിശ്ശിക എഴുതിത്തള്ളുന്നതിന് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly